# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 5053

30/06/2014 - ൽ മറുപടിക്ക്

## ഉൾനാടൻ ജലഗതാഗതനിയമം

**ചോദ്യം**

ശ്രീ. കെ.രാജു

**ഉത്തരം**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി)

(എ) ഉൾനാടൻ ജലഗതാഗതനിയമം നിലവിൽ വന്നിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(എ) 1917-ലെ ഇൻലാന്റ് വെസ്സൽസ് ആക്ട് കേന്ദ്ര നിയമമാണ്. ഇത് സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ട്. ഈ നിയമത്തിലെ വിവിധ വകുപ്പുകൾ നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് സംസ്ഥാന സർക്കാർ, 2010 ലെ കേരള ഇൻലാന്റ് വെസ്സൽസ് ചട്ടങ്ങൾ പുറപ്പെടുവിച്ചു. ചട്ടങ്ങൾ 30-04-2010 തീയതിയിൽ നിലവിൽ വന്നു.

(ബി) പ്രസ്തുത നിയമപ്രകാരം ഹൗസ്ബോട്ട് വ്യവസായത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഹൗസ്ബോട്ടുകളുടെ നിയന്ത്രണത്തിന് എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ?

(ബി) ഹൗസ് ബോട്ട് വ്യവസായത്തിന് പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, ഉൾനാടൻ ജലഗതാഗതത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ യന്ത്രവത്കൃത ഹൗസ് ബോട്ടുകൾക്കും പ്രസ്തുത ചട്ടങ്ങൾ പ്രകാരം വ്യവസ്ഥകൾ ബാധകമാക്കിയിട്ടുണ്ട്. ഇവ നിയന്ത്രണങ്ങളല്ല മറിച്ച് സർവ്വെ, രജിസ്ട്രേഷൻ, യാനത്തിന്റെയും അതിലെ ജീവനക്കാരുടെയും യാത്രക്കാരുടെയും സുരക്ഷ, തുടങ്ങിയവ ഉൾകൊള്ളുന്ന പൊതു വ്യവസ്ഥകൾ മാത്രമാണ്.

സെക്ഷൻ ഓഫീസർ